ഡെൻറൽ കോളേജിൽ ഹൈജീനിസ്റ്റ് കോഴ്സ്

933 [1475] ശ്രീ. എ.എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡെൻറൽ കോളേജിൽ ഹൈജീനിസ്റ്റ് കോഴ്സ് നിർത്തലാക്കിയത് എന്നാണ്;

(ബി) ഈ കോഴ്സ് നിർത്തലാക്കിയതിനു ശേഷം ഇതു പഠിപ്പിച്ചിരുന്ന ട്യൂട്ടർമാരെ വേറെ ഏതെങ്കിലും ഡിപ്പാർട്ടുമെൻറിൽ അബ്സോർബ് ചെയ്തോ;

(സി) ഇല്ലെങ്കിൽ അവരെ അതെ ഡിപ്പാർട്ടുമെൻറിൽ തുടരുവാൻ അനുവദിച്ചതിനുള്ള കാരണം എന്ത്?

ഉത്തരം

(എ) 1974.75 അദ്ധ്യയന വർഷം മുതൽ ഈ കോഴ്സ് താൽക്കാലികമായി നിർത്തലാക്കി.

(ബി) ഈ കോഴ്സ് നിർത്തലാക്കിയതിന് ശേഷം ഇതിനു വേണ്ടി നിയോഗിച്ചിരുന്ന ഉദ്യോഗസ്ഥൻമാരെ ഡെൻറൽ കോളേജിലെ ഒരു വിഭാഗമായ പെരിംഡോൺഷ്യയിൽ നിയമിച്ചു.

(സി) ചോദ്യം ഉദിക്കുന്നില്ല.

ഡെൻറൽ മെക്കാനിക് കോഴ്സ് പാസ്സായവർ

934 [1476] ശ്രീ. എ.എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡെൻറൽ മെക്കാനിക് കോഴ്സ് പാസ്സായ എത്രപേർ ഇന്നു ജോലിയില്ലാതെയുണ്ട്;

(ബി) കഴിഞ്ഞ 5 വർഷത്തിനിടയ്ക്കു എത്ര പേർ ഡെൻറൽ മെക്കാനിക് കോഴ്സ് പാസ്സായി;

(സി) എത്രപേരെ ഗവൺമെൻറ് സർവീസിലെടുത്തു;

(ഡി) ഈ കോഴ്സ് നിർത്തലാക്കണമെന്നു പറഞ്ഞ് ഏതെങ്കിലും സംഘടന ഗവൺമെൻറിലേയ്ക്കു നിവേദനം നടത്തിയിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ അതിൻമേൽ എന്തു നടപടി സ്വീകരിച്ചു?

ഉത്തരം

(എ) ഗവൺമെൻറിൻെറ പക്കൽ ഇതിനെക്കുറിച്ചുള്ള കണക്കുകൾ ഇല്ല.

(ബി) 16.

(സി) ഹെൽത്തു സർവ്വീസ് ഡിപ്പാർട്ടുമെൻറിൻെറ കീഴിലുള്ള ആശുപത്രികളിൽ പത്തുപേരെ നിയമിച്ചിട്ടുണ്ട്. മെഡിക്കൽ കോളേജുകളിലെ നിയമനം സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ചു വരുന്നു.

(ഡി, ഇ) വിവരങ്ങൾ ശേഖരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly